"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - കൊട്ടാരക്കര എസ്.ഐ.ആർ.ഡി. ഡയറക്ടർ തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീ.കെ.രാജേന്ദ്രൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ - അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2535/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 12.11.2019.**

പരാമർശം: 1) 26.05.2016-ലെ ഗ്രാമവികസന കമ്മീഷണറുടെ 428/എസ്റ്റാ:എ1/2016/സിആർഡി നമ്പർ കത്ത്.

2) സ.ഉ.(സാധാ)നം.2054/2019/തസ്വഭവ തീയതി 24.09.2019.

**ഉത്തരവ്**

കൊട്ടാരക്കര എസ്.ഐ.ആർ.ഡി. ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വി.അജയകുമാറിന് 22.03.2016 മുതൽ 17.04.2016 വരെ പരിവർത്തിതാവധി അനുവദിച്ചപ്പോൾ, കൊട്ടാരക്കര എസ്.ഐ.ആർ.ഡി. ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല ഗ്രാമവികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായിരുന്ന ശ്രീ.കെ.രാജേന്ദ്രന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിരുന്നു. മേൽ കാലയളവിലേക്ക് ശ്രീ.കെ.രാജേന്ദ്രന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.രാജേന്ദ്രന്, കെ.എസ്.ആർ.ഭാഗം I, ചട്ടം 53 A II (c), 53(c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 22.03.2016 മുതൽ 17.04.2016 വരെയുള്ള കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.കെ.രാജേന്ദ്രൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ